**മഹാത്മാഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 മാർച്ച് 31

## വാർത്താക്കുറിപ്പ്

---

## ഒത്തൊരുമയിൽ തളിരിട്ട നേട്ടം; വനമിത്ര പുരസ്കാരവുമായി എം.ജി. സർവ്വകലാശാല

സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾക്കായി ജില്ലാ തലത്തിൽ ആദ്യമായി ഏർപ്പെടുത്തിയ വനമിത്ര പുരസ്ക്കാരത്തിന് കോട്ടയം മഹാത്മാഗാന്ധി സർവ്വകലാശാലയെ പ്രാപ്തമാക്കിയത് വിദ്യാർത്ഥികളുടെയും അധ്യാപകരുടേയും ഭരണവകുപ്പിന് കീഴിലുള്ള ഉദ്യോഗസ്ഥരുടേയും കൂട്ടായ പരിശ്രമങ്ങൾ. പരിസ്ഥിതി-വന സംരക്ഷണ രംഗത്തെ മികച്ച പ്രവർത്തനങ്ങൾ കണക്കിലെടുത്താണ് സംസ്ഥാന വനംവകുപ്പ്, പുരസ്ക്കാരത്തിനായി മഹാത്മാഗാന്ധി സർവ്വകലാശാലയെ തെരഞ്ഞെടുത്തത്.

സർവ്വകലാശാല യൂണിയന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികളും, ഭരണ നേതൃത്വത്തിന്റെ പിന്തുണയോടെ എസ്റ്റേറ്റ് വിഭാഗത്തിന് കീഴിൽ ഉദ്യോഗസ്ഥരും, വിവിധ വകുപ്പുകളിലെ അധ്യാപകരും നടത്തിയ മികച്ച ആസൂത്രണവും പ്രവൃത്തികളുമാണ് ഈ രംഗത്ത് വലിയ മുന്നേറ്റമുണ്ടാക്കാൻ സർവ്വകലാശാലയെ സഹായിച്ചത്.

സർവ്വകലാശാലയുടെ 104 ഏക്കർ വിസ്തൃതിയുള്ള കാമ്പസിന്റെ 30 ഏക്കറിലധികം വരുന്ന പ്രദേശം 2010 മുതൽ സംരക്ഷിത പ്രദേശമായി നിലനിറുത്തി വരികയാണ്. പരിസ്ഥിതി ശാസ്ത്രപഠന വകുപ്പിനാണ് ഈ പ്രദേശങ്ങളുടെ സംരക്ഷണ ചുമതല.

ആകെ 259 ഇനം സസ്യങ്ങൾ ഇവിടെ ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ഇതിൽ 11 ഇനങ്ങൾ പശ്ചിമഘട്ടനിരകളിൽ മാത്രം കാണപ്പെടുന്നവയും അഞ്ച് ഇനങ്ങൾ ഇന്ത്യൻ ഉപദ്വീപിൽ മാത്രം കണ്ടുവരുന്നവയുമാണ്. ഇന്റർനാഷണൽ യൂണിയൻ ഫോർ കൺസർവേഷൻ ഓഫ് നേച്ചർ വംശനാശഭീഷണി നേരിടുന്ന പട്ടികയിൽപ്പെടുത്തിയിട്ടുള്ള മൂന്ന് ഇനം സസ്യങ്ങളെയും കാമ്പസിൽ കണ്ടെത്തിയിട്ടുണ്ട്. കൂടാതെ വിവിധയിനം പക്ഷികൾ, ചിത്രശലഭങ്ങൾ, തുമ്പികൾ, ഉരഗവർഗ്ഗങ്ങൾ എന്നിവയുടെ ആവാസ കേന്ദ്രം കൂടിയാണ് ഈ സംരക്ഷിത പ്രദേശം. അന്യം നിന്നു പോകുന്ന കാർഷിക വിളകൾ, വെച്ചൂർ പശു എന്നിവയുടെ സംരക്ഷണത്തിനും സർവ്വകലാശാല നടപടി സ്വീകരിച്ചിട്ടുണ്ട്.

പ്രവർത്തനങ്ങളിൽ ഹരിത പ്രോട്ടോക്കോൾ ഉറപ്പാക്കുന്നതിനും യു.ജി.സി. യുടെ നിർദ്ദേശപ്രകാരമുള്ള ദേശീയ വനസംരക്ഷണ നടപടികൾ ഏകോപിപ്പിക്കുന്നതിനും പ്രത്യേകം ഉദ്യോഗസ്ഥരെയും സർവ്വകലാശാല നിയോഗിച്ചിട്ടുണ്ട്. വനം വകുപ്പിന്റെ സഹകരണത്തോടെ ചാലക്കുടി, വാഴച്ചാൽ വനം ഡിവിഷനുകളിൽ നടപ്പാക്കിവരുന്ന പുഴയോരക്കാടുകളുടെ പുന:സ്ഥാപന പ്രക്രിയയിലും മഹാത്മാഗാന്ധി സർവ്വകലാശാല നിർണായക പങ്കാണ് വഹിച്ചു വരുന്നത്.

കോട്ടയം ദർശന ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ വനം വകുപ്പ് മന്ത്രി എ.കെ. ശശീന്ദ്രനിൽ നിന്ന് രജിസ്ട്രാർ ഡോ. പ്രകാശ് കുമാർ ബി. പുരസ്കാരം ഏറ്റു വാങ്ങി. വൈസ് ചാൻസലർ പ്രൊഫ. സാബു

വിദ്യാർത്ഥികൾ എന്നിവരും സന്നിഹിതരായിരുന്നു. പരിസ്ഥിതി വനസംരക്ഷണം സംബന്ധിച്ച ഉത്തരവാദിത്വങ്ങൾ കൂടുതൽ ഗൗരവത്തോടെ ഏറ്റെടുക്കാൻ പുരസ്കാരം സർവ്വകലാശാലക്ക് പ്രചോദനം നൽകുമെന്ന് രജിസ്ട്രാർ പ്രകാശ്കുമാർ ബി. മറുപടി പ്രസംഗത്തിൽ പറഞ്ഞു.

**ഫോട്ടോ ക്യാപ്ഷൻ :**

1. മഹാത്മാഗാന്ധി സർവ്വകലാശാലക്ക് ലഭിച്ച വനമിത്ര പുരസ്ക്കാരവുമായി സിൻഡിക്കേറ്റ് അംഗം ഡോ. ബി. കേരളവർമ്മ, രജിസ്ട്രാർ പ്രകാശ്കുമാർ ബി. എന്നിവരുടെ നേതൃത്വത്തിൽ വിദ്യാർത്ഥികളും ഉദ്യോഗസ്ഥരും
2. സംസ്ഥാന വനംവകുപ്പിന്റെ വനമിത്ര പുരസ്ക്കാരം രജിസ്ട്രാർ പ്രൊഫ. പ്രകാശ്കുമാർ ബി. മന്ത്രി എ.കെ. ശശീന്ദ്രനിൽ നിന്ന് ഏറ്റു വാങ്ങുന്നു.

(പി.ആർ.ഒ./39/384/2022)

## പ്രൊഫ. എസ്. രാജുവിന് യാത്രയയപ്പ്

സർവ്വീസിൽ നിന്ന് വിരമിച്ച മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് സോഷ്യൽ സയൻസസിലെ മുൻ ഡയറക്ടർ പ്രൊഫ. എസ്. രാജുവിന് സഹപ്രവർത്തകർ യാത്രയയപ്പ് നൽകി. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, സ്കൂൾ ഓഫ് സോഷ്യൽ സയൻസസ് ഡയറക്ടർ ഡോ. അഭിലാഷ് സാബു, ഡോ. സുജിത് കുമാർ പാറയിൽ, ഡോ. രമേഷ് കോമത്ത്, ഡോ. കെ.എം. സീതി തുടങ്ങിയവർ സംസാരിച്ചു. സകൂൾ ഓഫ് സോഷ്യൽ സയൻസസിൽ 1991 -ൽ സർവ്വീസിൽ പ്രവേശിച്ച പ്രൊഫ. രാജു സർവ്വകലാശാല അക്കാദമിക് കൗൺസിൽ, ഇന്ത്യൻ അസോസിയേഷൻ ഓഫ് ലേബർ ഇക്കണോമിക്സ് തുടങ്ങിയവയിൽ അംഗമായി പ്രവർത്തിച്ചിട്ടുണ്ട്. വനം-വന്യ ജീവി മന്ത്രാലയം, ലോകബാങ്ക്, കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ച് തുടങ്ങിയ സ്ഥാപനങ്ങൾക്ക് വേണ്ടി കൺസൾട്ടന്റായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. ദില്ലിയിലെ ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ നിന്ന് ഗവേഷണ ബിരുദം നേടിയിട്ടുള്ള അദ്ദേഹം രചയിതാവും പ്രബന്ധകാരനുമാണ്.

**ഫോട്ടോ ക്യാപ്ഷൻ :** പ്രൊഫ. എസ്. രാജു

(പി.ആർ.ഒ./39/385/2022)

## പുതുക്കിയ പരീക്ഷാ തീയതി

ഏപ്രിൽ ഏഴിന് ആരംഭിക്കാനിരിക്കുന്ന ബി.എ. / ബി.കോം.(സി.ബി.സി.എസ്. 2020 അഡ്മിഷൻ - റെഗുലർ - പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷയുടെ ബി.എ. ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ പ്രോഗ്രാമിന്റെ 'സിംഫണി ഓഫ് വേഴ്സ്' ഏപ്രിൽ 13 നും 'ഹാർമണി ഓഫ് പ്രോസ് 'ഏപ്രിൽ 19 നും നടക്കുന്ന വിധത്തിൽ ടൈം ടേബ്ൾ പുന: ക്രമീകരിച്ചു. പരീക്ഷാ സമയത്തിനും പരീക്ഷാ കേന്ദ്രത്തിനും മാറ്റമില്ല.

(പി.ആർ.ഒ./39/386/2022)

## പരീക്ഷാ തീയതി

മൂന്നാം സെമസ്റ്റർ ബി.പി.എഡ്. (2020 അഡ്മിഷൻ - റെഗുലർ / 2019 - 2017 അഡ്മിഷൻ - സപ്ലിമെന്ററി / 2016, 2015 അഡ്മിഷൻ - മേഴ്സി ചാൻസ്) പരീക്ഷകൾ ഏപ്രിൽ 18 ന് ആരംഭിക്കും. പിഴയില്ലാതെ ഏപ്രിൽ ആറ് വരെയും 525 രൂപ പിഴയോടു കൂടി ഏപ്രിൽ ഏഴിനും 1050 രൂപ സൂപ്പർഫൈനോടു കൂടി ഏപ്രിൽ എട്ടിനും അപേക്ഷിക്കാം. ഫസ്റ്റ് മേഴ്സി ചാൻസിനുള്ള - 2016 അഡ്മിഷൻ വിദ്യാർത്ഥികൾ - 5250

രൂപയും സെക്കന്റ് മേഴ്സി ചാൻസിനുള്ള - 2015 അഡ്മിഷൻ വിദ്യാർത്ഥികൾ - 7350 രൂപയും സ്പെഷ്യൽ ഫീസായി പരീക്ഷാഫീസിനും സി.വി. ക്യാമ്പ് ഫീസിനും പുറമേ അടക്കണം.

(പി.ആർ.ഒ./39/387/2022)

## രജിസ്ട്രേഷൻ തീയതി

മൂന്നാം സെമസ്റ്റർ എം.എ., എം.എസ്.സി., എം.കോം. എം.സി.ജെ, എം.എസ്ഡബ്ല്യു, എം.ടി.എ., എം.എച്ച്എം., എം.ടി.ടി.എം. (സി.എസ്.എസ്.) (2020 അഡ്മിഷൻ - റെഗുലർ / 2019, 2018, 2017, 2016 അഡ്മിഷൻ -സപ്ലിമെന്ററി / 2015, 2014, 2013, 2012 അഡ്മിഷൻ - മേഴ്സി ചാൻസ്) പരീക്ഷകൾക്ക് പിഴയില്ലാതെ ഏപ്രിൽ രണ്ട് മുതൽ ആറ് വരെയും 525 രൂപ പിഴയോടു കൂടി ഏപ്രിൽ ഏഴ് മുതൽ എട്ട് വരെയും 1050 രൂപ സൂപ്പർഫൈനോടു കൂടി ഏപ്രിൽ 11 വരെയും ഓൺലൈനായി രജിസ്റ്റർ ചെയ്യാം.

(പി.ആർ.ഒ./39/388/2022)

## വൈവാ വോസി

2022 ജനുവരിയിൽ നടന്ന നാലാം സെമസ്റ്റർ എം.എ. പൊളിറ്റിക്കൽ സയൻസ് (2019 അഡ്മിഷൻ) - പ്രൈവറ്റ് രജിസ്ട്രേഷൻ പരീക്ഷയുടെ വൈവാ വോസി പരീക്ഷ ഏപ്രിൽ അഞ്ചിന് ചങ്ങനാശ്ശേരി, എൻ.എസ്.എസ്. ഹിന്ദു കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/389/2022)

**പി.സി. സുരേഷ് കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ